**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1202** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തെ നൂതന കാർഷിക വികസന പദ്ധതികളും അവയുടെ ഫലപ്രാപ്തിയും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. എം. എസ്. അരുൺ കുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

**(എ)** വിളയധിഷ്ഠിത സമീപനത്തിൽ നിന്ന് മാറി കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണ്ട് (ഫാം പ്ലാൻ) സംയോജിത-ബഹുവിള കൃഷി സമ്പ്രദായത്തിലേക്ക് കർഷകരെ മാറ്റാൻ മുൻ സർക്കാർ സ്വീകരിച്ച ഭരണപരമായ നയങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** വിളയധിഷ്ഠിത വികസന രീതികളിൽ നിന്ന് മാറി കൃഷിയിടത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുന്ന കൃഷിയിടാധിഷ്ഠിത വികസന സമീപനം പ്രോത്സാഹിപ്പിക്കുകയെന്നതാണ് ഫാം പ്ലാൻ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ശാസ്ത്രീയ സമീപനത്തിലൂടെ അടിസ്ഥാന യൂണിറ്റായ കൃഷിയിടത്തിൽ ലഭ്യമായ വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. കാർഷിക പരിസ്ഥിതി യൂണിറ്റുകളും (Agro Ecological Unit) നീർത്തട (Watershed) അടിസ്ഥാനത്തിലുള്ള ആശയങ്ങളും പരിഗണിച്ച് അനുയോജ്യമായ കാർഷിക പരിപാലന രീതികൾക്ക് പ്രത്യേക പ്രാധാന്യവും ലക്ഷ്യമിട്ടിരുന്നു .

ഒരു കൃഷിയിടത്തിലെ വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി ഉൽപ്പാദനത്തിനുള്ള ലക്ഷ്യങ്ങൾ മുൻകൂട്ടി നിർണ്ണയിക്കുകയും, നിർണ്ണയിച്ച ലക്ഷ്യം കൈവരിക്കുന്നതിനുള്ള നേതൃത്വപരമായ പ്രവർത്തനങ്ങൾ മുൻകൂട്ടി തീരുമാനിക്കുകയും, തത്ഫലമായി ശാസ്ത്ര സാങ്കേതിക വിദ്യകളും തനത് വിഭവങ്ങളും സന്തുലിതമായി ഉപയോഗപ്പെടുത്തി സാമ്പത്തിക വില ഘടനയിലുണ്ടാകുന്ന മാറ്റങ്ങളെ പ്രതിരോധിക്കുന്നതിലൂടെ കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

ഫാംപ്ലാൻ വികസന സമീപനത്തിന്റെ ഭാഗമായി മൂന്ന് പദ്ധതികൾ വിഭാവനം ചെയ്ത് നിലവിൽ നടപ്പിലാക്കി വരുന്നു.

**1. ഫാം പ്ലാൻ അധിഷ്ഠിത ഉൽപാദന പരിപാടികൾ ഉൽപാദനപൂർവ്വ പിന്തുണ ഉൾപ്പെടെ:**

കുറഞ്ഞത് 10 സെന്റ് മുതൽ പരമാവധി 200 സെന്റ് വരെ വിസ്തൃതിയുള്ള കൃഷിട യൂണിറ്റുകൾ കണ്ടെത്തി സംയോജിത കൃഷി സമ്പ്രദായ മാതൃകകളും, സുഗന്ധ വ്യഞ്ജനങ്ങൾ, പഴവർഗങ്ങൾ, പച്ചക്കറി തുടങ്ങിയ വിളകൾ അടിസ്ഥാനമാക്കിയുള്ള വിള സമ്പ്രദായങ്ങളിലുമായി ശ്രദ്ധ കേന്ദ്രീകരിച്ചും

ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് ഉൽപാദനം പരമാവധി കൂട്ടി കർഷകരുടെ വരുമാനം പരമാവധി ഉയർത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

**2. ഉൽപാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക വിദ്യ പിന്തുണയ്ക്കുമുള്ള പദ്ധതി :**

കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനത്തിന്റെ ഭാഗമായി രൂപീകരിച്ച കർഷക ഉൽപാദക സംഘടനകൾക്ക് പിന്തുണ നൽകുകയായിരുന്നു ലക്ഷ്യമിട്ടിരുന്നത്. കർഷക കൂട്ടായ്മയിലൂടെ വികസിച്ചു വരുന്ന FPO/ FPC എന്നിങ്ങനെയുള്ള സംഘടനകൾക്ക് സാങ്കേതിക പിന്തുണ ഉൾപ്പെടെ ഉൽപ്പന്ന വികസനം, ബ്രാൻഡിംഗ്, ലേബലിംഗ്, മാർക്കറ്റിംഗ് എന്നിവയിൽ പിന്തുണ നൽകിവരുന്നു.

**3. കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ മൂല്യ ശൃംഖല വികസനത്തിനായുള്ള പദ്ധതി:**

ഉൽപ്പന്നങ്ങളുടെ ഫലപ്രദമായ സമാഹരണത്തിനായി ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിലുള്ള സമാഹരണ സംവിധാനമാണ് ലക്ഷ്യമിട്ടിരുന്നത്. ഈ മാതൃകയിൽ ഒരു കേന്ദ്രീകൃത ഹബ്ബിൽ നിന്ന് ഉൽപ്പന്നങ്ങൾ ഉത്ഭവിക്കുകയോ, പ്രാദേശിക കേന്ദ്രങ്ങളിൽ നിന്നും വിതരണത്തിനും വിപണനത്തിനുമായി ഹബ്ബിലേക്ക് അയക്കുകയോ ചെയ്യാവുന്നതാണ്. ഈ മാതൃകയിലൂടെ ഉൽപാദനോപാധികളും വിവര വിതരണവുമായി ബന്ധപ്പെട്ട സേവനങ്ങളും ലഭ്യമാകും.

അധിക കാർഷികോത്പ്പന്നങ്ങൾ വിവിധ തലത്തിൽ കൈകാര്യം ചെയ്യുന്നതിനായി ഹബ്ബുകൾ, ചെറുകിട വില്പനശാലകൾ സ്ഥാപിക്കുക വഴി കർഷകർക്ക് ഉത്പന്നങ്ങൾ സുഗമമായി വിപണനം നടത്തുവാനും ന്യായ വില ഉറപ്പാക്കാനും സാധിക്കുന്നു. പ്രസ്തുത ഹബ്ബുകളുടെയും, ചെറുകിട വില്പനശാലകളുടെയും അടിസ്ഥാന സൗകര്യ വികസനം, പ്രവർത്തന മൂലധനം, റിവോൾവിങ് ഫണ്ട് ഉൾപ്പെടെയുള്ള പ്രവർത്തന സഹായം, തുടങ്ങിയവക്കായി ജില്ലാതല FPO സെല്ലിന്റെ അംഗീകാരത്തോടുകൂടി ആകെ ചെലവിന്റെ 50 ശതമാനം തുക Reimburse ചെയ്യുന്ന തരത്തിൽ ധനസഹായം നൽകിവരുന്നു.

**(ബി)** സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി കണ്ടെത്തി ഹൈഡ്രോപോണിക്സ്, കൃത്യതാ കൃഷി തുടങ്ങിയ നൂതന കൃഷിരീതികൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി നടപ്പിലാക്കുന്ന നവോധൻ പദ്ധതിയിലൂടെ ഇതുവരെ ലഭ്യമാക്കിയ ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** നവോ-ധൻ പദ്ധതിയിൽ നാളിതുവരെ 32 ഭൂഉടമകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ നിന്നുമായി ആകെ 4739.924 ഏക്കർ ഭൂമി പദ്ധതിയ്ക്കായി ലഭ്യമാണ്. ഇതിൽ 4648.694 ഏക്കർ (98%) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും, ബാക്കി 91.23 ഏക്കർ (2%) സ്വകാര്യ ഭൂ ഉടമകളിൽ നിന്നുമാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഭൂമിയിൽ, കൃഷി ചെയ്യുന്നതിനായി നവോ-ധൻ പദ്ധതി അംഗങ്ങളായ 3 കർഷക സംരംഭകർക്ക് മൊത്തം 23 ഏക്കർ ഭൂമി, സർവ്വീസ് ലെവൽ എഗ്രിമെന്റ് (എസ്.എൽ.എ)-ന്റെ അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനായി ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | അനുവദിച്ച ഭൂമിയുടെ വിസ്തീർണ്ണം (ഏക്കർ) | ജില്ല |
|---|---|---|
| 1 | 4 | എറണാകുളം |
| 2 | 16 | മലപ്പുറം |

| | | |
|---|---|---|
| 3 | 3 | പാലക്കാട് |
| ആകെ 23 ഏക്കർ | | |

**(സി)** വയനാട് അമ്പലവയലിൽ 13.18 കോടി രൂപ ചെലവിൽ സ്ഥാപിച്ച ഡച്ച് മോഡൽ പോളി ഹൗസുകളോടുകൂടിയ സെന്റർ ഓഫ് എക്സലൻസ്, ഹൈടെക് കൃഷി വ്യാപിപ്പിക്കുന്നതിൽ വഹിച്ച പങ്ക് വിശദമാക്കാമോ;

**മറുപടി:** പച്ചക്കറി - പുഷ്പ വിളകളിൽ ഹൈടെക് കാർഷിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള നൂതന കൃഷിരീതികളുടെ വ്യാപനത്തിനായി പ്രവർത്തിക്കുന്ന വയനാട്, അമ്പലവയൽ സെന്റർ ഓഫ് എക്സലെൻസ് ഫോർ വെജിറ്റബിൾസ് ആൻഡ് ഫ്ളവേഴ്സ്, സംസ്ഥാനത്തെ കർഷകർക്ക് മാതൃകാപരമായ പരിശീലന-പ്രദർശന കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. ഡച്ച്-ഇന്ത്യൻ മാതൃകയിലുള്ള പോളിഹൗസ്കൃഷി, ഫെർട്ടിഗേഷൻ, ഓട്ടോമേഷൻ സംവിധാനങ്ങൾ, ഹൈടെക്പച്ചക്കറി-പുഷ്പതൈ ഉൽപാദനം, ഹൈഡ്രോപോണിക്സ് (NFT സംവിധാനം), മൈക്രോഗ്രീൻസ്കൃഷി, ഓപ്പൺ പ്രിസിഷൻ ഫാമിംഗ് എന്നിവ കേന്ദ്രത്തിൽ നടപ്പിലാക്കിവരുന്നു.

ഹൈഡ്രോപോണിക്സ്, മൈക്രോഗ്രീൻസ്, സംരക്ഷിതകൃഷി സംബന്ധിച്ച വിഷയങ്ങളിൽ പ്രതിമാസ പരിശീലന പരിപാടികളും പതിവായി കേന്ദ്രത്തിൽ സംഘടിപ്പിച്ച വരുന്നു. ഹൈടെക് ഹൈഡ്രോപോണിക്സ്, മൈക്രോഗ്രീൻസ് കൃഷിയിൽ മാതൃകാകേന്ദ്രമായി പ്രവർത്തിച്ച് പരിശീലനം നൽകുന്ന സംസ്ഥാനത്തെ ഏക സ്ഥാപനവും അമ്പലവയൽ സെന്റർ ഓഫ് എക്സലൻസാണ്. കേരളത്തിലെയും കർണാടക, തമിഴ്നാട് തുടങ്ങിയ മറ്റുസംസ്ഥാനങ്ങളിലെയും കർഷകർ ഉൾപ്പെടെ ഇതുവരെ ആകെ 60 പരിശീലന പരിപാടികളിലൂടെ 2000 കർഷകർക്കായി വിവിധ ഹൈടെക് കാർഷിക സാങ്കേതികവിദ്യകളിൽ പരിശീലനം നൽകാൻ കേന്ദ്രത്തിന് സാധിച്ചിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും പരിശീലനം നേടിയ നിരവധി കർഷകർ ഹൈഡ്രോപോണിക്സ് സാങ്കേതികവിദ്യ സ്വീകരിച്ച് ഉത്പാദനവും, വാണിജ്യാടിസ്ഥാനത്തിലുള്ള സംരംഭങ്ങളും സ്ഥാപിച്ച വിജയകരമായി മുന്നോട്ട് പോകുന്നു.

കൂടാതെ, ഉയർന്ന ഗുണനിലവാരമുള്ള പച്ചക്കറിതൈകൾ, പുഷ്പതൈകൾ പ്രത്യേകിച്ച് ഹൈബ്രിഡ് ചെണ്ടുമല്ലിതൈകൾ എന്നിവ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പ്രതിവർഷം 20 ലക്ഷം തൈകൾ വരെ ഉൽപാദിപ്പിച്ച് കർഷകർക്കായി വിതരണം ചെയ്യുന്നു. ഫെർട്ടിഗേഷൻ, ഓട്ടോമേഷൻ എന്നീ സംവിധാനങ്ങൾ ഉപയോഗിച്ചു ഡച്ച് - ഇന്ത്യൻ മാതൃകയിലുള്ള പോളിഹൗസ് കൃഷിയിലൂടെയും ഓപ്പൺ പ്രിസിഷൻ ഫാമിംഗിലൂടെയും നാളിതുവരെയായി കേന്ദ്രത്തിൽ 40 ടണ്ണോളം പച്ചക്കറി വിളവെടുത്തു വിപണനം ചെയ്യുകയുണ്ടായി. ഒപ്പം ഹൈഡ്രോപോണിക്സിലൂടെ വിഷരഹിതമായ രീതിയിൽ വളർത്തിയെടുത്ത സാലഡ് വർഗ വിളകൾ ഉപയോഗിച്ച് കൊണ്ടുള്ള 'സാലഡ്ബോക്സ്'' വിപണനവും കേന്ദ്രത്തിൽ ആരംഭിച്ചിട്ടുണ്ട്. ഹൈടെക് കാർഷിക സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിലും, ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുന്നതിലും, സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിലും, സംരക്ഷിതകൃഷിയും ആധുനിക ഉൽപാദന സംവിധാനങ്ങളും വ്യാപിപ്പിക്കുന്നതിലും സെന്റർ ഓഫ് എക്സലെൻസ് നിർണായക പങ്ക് വഹിച്ചു വരുന്നു.

**(ഡി)** കഴിഞ്ഞ പത്ത് വർഷത്തിനിടെ കാർഷിക കർമ്മസേനകൾ, അഗ്രോ സർവീസ് സെന്ററുകൾ, യന്ത്രവൽക്കരണം എന്നിവ യുവാക്കളെ കാർഷിക മേഖലയിലേക്ക് കൂടുതലായി ആകർഷിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് കാർഷിക മേഖലയിലെ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി 2012-13 മുതൽ ബ്ലോക്ക് തലത്തിൽ കാർഷിക സേവന കേന്ദ്രങ്ങളും പഞ്ചായത്ത് തലത്തിൽ കാർഷിക കർമ്മ സേനകളും രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും, 2021-22 മുതൽ കാർഷിക സേവന കേന്ദ്രങ്ങൾ “കൃഷിശ്രീ സെന്റർ” എന്ന പേരിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. കൂടാതെ കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ 2017-18 മുതൽ പ്രവർത്തിച്ചുവരുന്നു. നിലവിൽ 99 കാർഷിക സേവന കേന്ദ്രങ്ങളും 35 കൃഷിശ്രീ സെന്ററുകളും (അതിൽ 29 എണ്ണം പ്രവർത്തനസജ്ജവും,6 എണ്ണം പ്രാരംഭഘട്ടത്തിലുമാണ്) 365 കാർഷിക കർമ്മ സേനകളും പ്രവർത്തിക്കുന്നുണ്ട്. കാർഷിക യന്ത്ര സേവനങ്ങളും ഉൽപാദന ഘടകങ്ങളും കർഷകർക്ക് ലഭ്യമാക്കുകയും കാർഷിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനം ലഭിച്ച മാനവവിഭവശേഷി വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ സംവിധാനങ്ങളുടെ ലക്ഷ്യം.

നിലവിൽ കാർഷിക സേവന കേന്ദ്രങ്ങളിലൂടെ 2541 യന്ത്രങ്ങളും കൃഷിശ്രീ സെന്ററുകളിലൂടെ 397 യന്ത്രങ്ങളും കർമ്മ സേനകളിലൂടെ 3087 യന്ത്രങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. കഴിഞ്ഞ എട്ട് വർഷത്തിനിടെ കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനം, അറ്റകുറ്റപ്പണി, യന്ത്രവൽകൃത കൃഷിരീതികൾ, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ് തുടങ്ങിയ മേഖലകളിലായി 2202 പേർക്ക് നൈപുണ്യ പരിശീലനം നൽകുകയും, ഐടിഐ വിദ്യാർത്ഥികൾ, പട്ടികവർഗ-പട്ടികജാതി യുവതി-യുവാക്കൾ, സ്കൂൾ വിദ്യാർത്ഥികൾ എന്നിവർക്കായി പ്രത്യേക പരിശീലന പരിപാടികളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. യുവജനങ്ങളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിലും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഈ പദ്ധതികൾ ഗണ്യമായ സംഭാവന നൽകിയിട്ടുണ്ടെന്നും, തുടർ വർഷങ്ങളിൽ കൂടുതൽ സേവനദായകരെ പരിശീലിപ്പിച്ച് വിന്യസിക്കുന്നതിനും കാർഷിക സേവനങ്ങളുടെ ലഭ്യത വർധിപ്പിക്കുന്നതിനായി സാങ്കേതികവിദ്യ അധിഷ്ഠിത സംവിധാനങ്ങൾ ഉൾപ്പെടെയുള്ള പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു.

കഴിഞ്ഞ പത്ത് വർഷത്തിനിടെ കാർഷിക യന്ത്രവൽക്കരണത്തിന്റെ വ്യാപനവും സാങ്കേതികവിദ്യയുടെ ഉപയോഗവും കാർഷിക മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിൽ ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ട്. 2018-19 മുതൽ നടപ്പിലാക്കിവരുന്ന സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) പദ്ധതിയിലൂടെ വ്യക്തികൾക്ക് കാർഷിക യന്ത്രങ്ങൾ 40% മുതൽ 50% വരെ സബ്സിഡിയോടെ ലഭ്യമാക്കുകയും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കർഷക കൂട്ടായ്മകൾ, SHG-കൾ, FPO-കൾ, പഞ്ചായത്തുകൾ എന്നിവയ്ക്ക് കസ്റ്റം ഹയറിംഗ് സെന്ററുകളും ഫാം മെഷിനറി ബാങ്കുകളും സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു. ഇതുവഴി കാർഷിക യന്ത്ര സേവനങ്ങൾ ഗ്രാമതലത്തിൽ ലഭ്യമാകുകയും കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനം, അറ്റകുറ്റപ്പണി, വാടക സേവനങ്ങൾ, ഡ്രോൺ സേവനങ്ങൾ, കൃത്യതാ കൃഷി തുടങ്ങിയ മേഖലകളിൽ പുതിയ തൊഴിൽ-സംരംഭകത്വ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയെ കൂടുതൽ സാങ്കേതികാധിഷ്ഠിതവും വരുമാന സാധ്യതയുള്ളതുമായ മേഖലയാക്കി മാറ്റുന്നതിലൂടെ യുവജനങ്ങളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനും പദ്ധതികൾ സഹായകമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**